MR. T. P. RAMASUBBA AIYAR (*Secretary to Government*): The Chief Engineer, to whom the memorial was submitted, has received a report in the matter and is considering the question.

MR. R. RAMAN PILLAI (*Kottayam*): ഈ റിപ്പോർട്ട് എന്നാണ് കിട്ടിയത്?

MR. T. P. RAMASUBBA AIYAR (*Secretary to Government*): കൃത്യമായിട്ട് പറയാൻ സാധിക്കയില്ല. ജൂലായി 1-ാംതീയതിക്കു മുമ്പാണെന്നു തോന്നുന്നു.

MR. R. RAMAN PILLAI (*Kottayam*): Consideration stage എത്ര നാളത്തേക്കു നീണ്ടുനില്ക്കുമെന്നു പറയാമോ?

MR. T. P. RAMASUBBA AIYAR (*Secretary to Government*): ആലപ്പുഴ വാട്ടർവർക്സിനെസംബന്ധിച്ചു കായലോരത്തുകൂടി ഒരു റോഡുണ്ടാക്കേണ്ടതായിട്ടുണ്ട്. വാട്ടർ വർക്സിന്റെ സ്ഥിതി അറിഞ്ഞിട്ടുവേണം ഈ റോഡിന്റെ അലൈൻമെന്റു തീരുമാനിപ്പാൻ. ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്. അതിനോടു പ്രസ്താപറോഡിന്റെ കൂടി തീരുമാനിക്കേണ്ടതാണ്.

Resolutions passed by the Legislative Council.

149. MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): Will the Government be pleased to lay on the table a list of resolutions passed by the Council from 1095 to 1103?

MR. T. P. RAMASUBBA AIYAR (*Secretary to Government*): The member is referred to the Proceedings of the Legislative Council for those years. The Proceedings of the Legislative Council are available in the Legislative Council Library.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): ചോദ്യത്തിന് മറുപടി പറഞ്ഞുകാണുന്നില്ല.

MR. T. P. RAMASUBBA AIYAR (*Secretary to Government*): കൌൺസിൽപ്രൊസീഡിംഗ്സ് മെമ്പർക്കയക്കുന്നുണ്ട്. അതിൽ നിന്നും വിവരം നോക്കിയെടുക്കാവുന്നതാണ്.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): കൌൺസിൽ പ്രൊസീഡിംഗ്സ് നോക്കി എടുക്കാനുള്ള വിഷമം കൊണ്ടാണ് ചോദിച്ചത്.

MR. T. P. RAMASUBBA AIYAR (*Secretary to Government*): ആ വിഷമം ഗവണ്മെൻറിനും ഉള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly